CHRIST COLLEGE (AUTONOMOUS)
IRINJALAKUDA, KERALA












# NSS ANNUAL REPORTS

## 2017-18


CHRIST COLLEGE

(AUTONOMOUS) IRINJALAKUDA - KERALA

# NATIONAL SERVICE SCHEME ANNUAL REPORT FOR THE ACADEMIC YEAR 2017-18

**List of Programs Conducted During 2017 - 18**

| Sl.No | Program | Date |
|---|---|---|
| 1 | Caring nature | 05/06/2017 |
| 2 | National Seminar on "Know Your Nature" | 07/06/2017 |
| 3 | Survey and Awareness Campaign outside | 05/06/2017 |
| 4 | Mass Yoga performance | 21/06/2017 |
| 5 | Water Conservation | 15/07/2017 |
| 6 | Organic Farming | 31/07/2017 |
| 7 | Organic Farming | 02/08/2017 |
| 8 | Cleaning activities inside | 05/08/2017 |
| 9 | Cross Country Championship in association with National Sports day | 29/08/17 |
| 10 | Making of paper Pens and Grow Bags using flex banners | 05/09/2017 |
| 11 | Orientation on leadership | 06/09/2017 |
| 12 | Lecture on Banking | 07/09/2017 |
| 13 | Two day camp on trivia | 23/09/17 – 24/09/17 |
| 14 | Caring nature | 24/09/2017 |
| 15 | Awareness Campaign outside – World Heart Day | 27/09/2017 |
| 16 | Caring nature | 28/09/2017 |
| 17 | Caring nature | 01/10/2017 |
| 18 | Pre R-D camp | 01/10/2017 |
| 19 | Anti drug | 02/10/2017 |
| 20 | Cleaning activities outside | 02/10/2017 |
| 21 | Medical Camp | 10/10/2017 |
| 22 | Awareness class on Legal rights | 15/11/2017 |
| 23 | Cleaning activities inside | 25/11/2017 |
| 24 | Disaster relief and rescue | 29/11/2017 |
| 25 | PRATHIBA-2017 | 02/12/2017 |
| 26 | NOVA-NSS | 09/12/2017 |
| 27 | Awareness Class as part of Human Rights Day | 10/12/2017 |
| 28 | Nature camp | 14/12/2017 -15/12/2017 |
| 29 | Tribal exposure camp | 16/12/2017 |
| 30 | Special Camp PRAJNA 2017 | 24/12/2017 -30/12/2017 |
| 31 | Training by Kurunnoolakuttam | 13/01/2018 |
| 32 | Anti-Drug Campaign | 18/01/2018 |
| 33 | Tableau  competion | 26/01/2018 |
| 34 | Cleaning Activity outside | 03/02/2018 |
| 35 | Survey | 05/06/2017 |
| 36 | Awareness - Energy Conservation | 08/03/2018 |
| 37 | International Women's Day celebration | 08/03/2018 |
| 38 | Special Talk | 10/03/2018 |
| 39 | Pooram 2018 | 17/03/2018 |
| 40 | Farewell | 24/03/2018 |


NSS activities during 2017 -18
16
14
12
10
8
6
4
2
0
Cleaning
Awareness
Anti- Drug
Plastic Awareness
Commemorating days and Talks
Others

## JUNE-JULY 2017


1. The activities of Christ College NSS units started on the **June 5th, 2017 World Environment Day** by our NSS Volunteers conducting a sapling planting drive among 50 houses in Irinjalakuda. The houses were also educated about the importance of growingtrees in houses.




2. The NSS Units in association with the Biodiversity club organised a National Seminar on **"Know Your Nature"** on June 7th, 2017.




3. The NSS volunteers conducted a **survey** and an **awareness drive among 200 houses** in the locality of Irinjalakuda in association with the Govt. taluk hospital authorities of Irinjalakuda on **Dengu** and eradication of mosquitoes. The households were educated how to eradicate mosquitoes from their house surroundings on 05/06/2017.








4. As part of the Yoga day, the NSS Units of Christ College organized a mass **Yoga** performance in which around 400 students, especially NSS Volunteers from the school's pf Irinjalakuda came and participated. Yoga Master and the Head, Department of Physical Education Dr.B.P.Aravinda led the proceedings.




5.




6. The NSS Units of Christ College started a new venture called ***SAHAJ*** "Natural Vegetable Seeds Conservation Unit" which was Inaugurated by the **Agricultural Minister of Kerala Shri. Sunil Kumar.** Along with the SAHAJ inauguration we organised a state level seminar on **FOOD andHEALTH** in collaboration **Kerala Jaiva Karshaga Samathi on 31/07/2017.**





7. Mr. Nandanan and Mr.Jose, environmental activists came to our college and taught about a new skill which we will be including in our **"CARING NATURE PROJECT",** the students are trained to make grow bags and dustbins using **FLEX Banners**.





8. As part of the agricultural activities, we have started the farming activities in our Poly House. It's a daily process, every evening volunteers come and water it.





9. We had an orientation for the new students on NSS, **Vision and Mission**. Fresher's day was also conducted for them.






10. As part of the **Clean Thrissur** drive by the **Mathrabhumi** our students volunteered by cleaning **Njavri Kulam Pond** at Irinjalakuda.







11. As part of our **"SRAVYAM"** the audio recording of books for the visually challenged started, this year we are helping the visually challenged students of St. Joseph's college,Irinjalakuda in supporting their visually challenged by audio books.







## AUGUST

1. Our NSS Volunteers have been cultivating ***Cheera*** in the Polyhouse and sold it out to the students, staff and the non-teaching staff of the college. The reaping was proceeded by Dr. Mathew Paul Ukken, the Principal of the college.








2. We had a **One Day** work on 5th August, in our college and the students were engaged in cleaning different parts of the campus, by forming different groups and in the afternoon session we had the **Talents Day** for the new 1st year NSS Volunteers.







3. On **August 29th, National Sports Day** the NSS units organised a **Cross country championship** in the college, in which around 1500 students participated. The event was flagged off by the CI of Kodungallur Shri. Binoy. The event was for the staff, students and the non -teaching staff.






4. One day work on 19th August was held where the students were divided into teams and in the afternoon the 2nd year NSS Volunteers were given **small topics** and they were made to talk in shorter durations. They all enjoyed the programme.




# SEPTEMBER

1. Prof. Arun Balakrishnan, NSS P.O of Christ College, Irinjalakuda was invited by Prajothi Nikethan College for an Ice breaking session at their 7 day Special camp on 2nd Sep, 2017.




2. On 5th Sep, 2017 the NSS volunteers (Anson, Athul Chandran, Angel Thimose, Nidhin P Joshy& Aparna) of Christ College, Irinjalakuda was invited by Prajothi Nikethan College for training their NSS Volunteers to make paper Pens and Grow Bags using flex banners at their 7 day Special camp.







3. Prof. Arun Balakrishnan, NSS P.O of Christ College, Irinjalakuda was invited by St.Josephs College, Irinjalakuda for delivering a lecture on LEADERSHIP at their 7 day Special camp on 6thSep, 2017.
4. Prof. Arun Balakrishnan, NSS P.O of Christ College, Irinjalakuda was invited by St.Joseph's College, Irinjalakuda for delivering a lecture on Banking its Pros and Cons at their 7 day Specialcamp on 7th Sep, 2017 and conducted an exhibition of Old coins and currencies.



5. On 23rd and 24th Sep, 2017 the Christ College organised a 2 day residential camp TRIVIA for the 1st year NSS volunteers, various classes by Ex-P.O Dr. Robinson and many professionals handled the classes. On 24th Sep, 2017 – NSS Day was celebrated by the NSS Volunteers. Shri.Ramesan Sir, Dist. Coordinator hoisted the NSS Flag and delivered the NSS Day Message.











6. As part of **Green Campus initiative** by the Calicut University, around **40 mango** saplings weredistributed to the neighboring community on 24/09/17






7. On **27th Sep, 2017 World Heart Day** the NSS Units of Christ College and the Co-operative hospital Irinjalakuda conducted a Rally from the Irinjalakuda bus stand to govt. taluk hospital. The rally was preceded by a flash mob by our NSS Volunteers and demo of how to overcomeHeart Attack by the Cardiologist of the co-op Hospital. The rally was flagged off by the SI of Irinjalakuda











8. Our NSS Volunteers Hiranmaiye, Athul Chandran, Rose and Adarsh went to S N School,Aloor to teach their SPC students to make paper pens and paper bags on 28/09/2017



# OCTOBER

1. The NSS Volunteers of Christ college, Irinjalakuda went to Shri.C.Achutha Menon Govt.College, Trichur for teaching their NSS Volunteers in making Paper pen on 01/10/2017.









2. Christ College hosted the Pre-RD Camp selection for the NSS volunteers of all the collegesin Calicut University on 01/10/2017. The programme was led by Shri.Sajith Babu, Shri. Valsarajan and Shri.Ramesh.








3. Ms.Annie, youngest anti drug activist in the country delivered a talk on how to come out of **Drug Addiction** and did the chilli challenge.





4. On **October 2nd, Gandhi Jayanthi** the NSS Volunteers of Christ College, helped the govt. taluk hospital of Irinjalakuda in cleaning the premises and painting the beds and oxygen cylinders.












5. On 10th Oct, 2017 we organised a Medical camp in collaboration with the Amala MedicalCollege, Trichur in our college Auditorium and many local community members were benefitted by the free medical camp.









# NOVEMBER

1. The NSS Units and the Kerala state Legal Authority jointly organised a Lecture on Legal rights on 15th November, 2017 which was inaugurated by the ***Addl. Dist. Judge Shri.G.Gopakumar*** and thelecture was delivered by ***Adv. Bineesha*** where around 200 students participated in the lecture.



.




2. We had a **One day** work, in the morning session we had campus cleaning and in the afternoon **Shri. Sudheer,** Dist Co-or of School NSS Dept. delivered a lecture of the Scope and Vision of NSS.









3. Our Programme Officer Shri. Arun Balakrishnan attended the NSS P.O training at ETI Kalamashery from 8th to 14th November


Wrangler

4. As part of **OKHI CYCLONE** disaster relief and rescue programme around 30 NSS Volunteersof Christ College visited and helped the local panchayat in cleaning the destroyed and dirty places of Kodungallur, Eriyad Panchayat on 29/11/2017.





5. As Part of Human Rights Day on Dec 10th, 2017 the NSS Units of Christ College conducteda lecture on the Importance of Human Rights on 9th Dec, the lecture was delivered by Mr.Sumesh.






# DECEMBER

**1.** On 14th & 15th The NSS units of Christ college visited the Silent Valley National Park for a NATURE CAMP which was sanctioned by the Forest Department. Around 55 Volunteers from the 1st and 2nd year along with the Programme officers attended the **NATURE CAMP.**










2. On 16th December the NSS Units of the college after visiting the Silent Valley National Parkfor NATURE CAMP went to ATTAPADI, AGALI village for a **Tribal Exposure Camp** and we educated the youth and children and the local community.



Rajamma a tribal educator giving information on the history and the prospects of Attapadi people.



Dr.Seema Bhaskar, a social activist addressing the volunteers on the importance of tribes, forests and nature

3. On 9th Dec, 2017 the NSS Units of Christ College, hosted the **NOVA – NSS** Old VolunteersAssociation, NSS Alumni of Christ College, Around 150 Volunteers from various parts of Kerala Participated. The programme was inaugurated by the Hnbl VC of Sri SankracharyaSanskrit University, Kaladi





4. On Dec 2nd, 2017 the NSS Units of Christ College Irinjalakuda organised **PRATHIBA 2K17,** an All Kerala Intercollege competition for NSS Volunteers, which was inaugurated by ***Shri. Famous Varghese DySP***, ***Sri. Ramesh.K.N (Dist. Co-or), Principal Dr.Mathew Paul Ukken, and Prof.K.J.Jospeh – the founder of PRATHIBA*** around 15 colleges participated from all around Calicut University and The Zamorins Guruvayoor Appan College Bagged the Overall Championship. Speech (Malayalam), Light Music, Pencil Drawing, Hand writingand Essay writing were the events of this Years Prathiba. This was the 23rd year of PRATHIBA consecutively organsed by the NSS Units of Christ College, Irinjalakuda.












5. We went for our **PRAJNA 2K17 - 7 day special camp** at Lourdu Matha School, Injankundu fromDec 24th – 30th. It was a great camp with lots of social activities, awareness classes for the localcommunity and activities.












NATIONAL SERVICE SCHEME


SAI
ENTERPRISES
"PRAJNA 2K17"


SAI
ENTERPRISES
"PRAJNA 2K17"


NATIONAL SERVICE SCHEME
NATIONAL SERVICE SCHEME












"PRAJNA 2K17"
7 DAY SPECIAL CAMP
DECEMBER, 2017
NATIONAL SERVICE SCHEME

## JANUARY

1. On 13th January, 2018 as part of reinventing and going back to the childhood days members of ***Kurunoolakuttam*** came to our college and trained our volunteers to make toys and handicrafts using OOLA (Coconut Tree Leaves). It was a great opportunity for our students to get back to theiryounger days.







2. On 18th January, 2018 In cooperation with the Excise dept. of Irinjalakuda our NSS Units participated in an Inter college/school ***Poster Competition on Anti-Drug Campaign*** and we bagged ***1st Prize***. We also participated in Human Chain from Tana Junction till Irinjalakuda Bus stand and our volunteers staged a ***flashmob*** and ***street play*** in connection with Anti-DrugCampaign.








SCHEME


CHRIST COLLEGE (AUTONOMOUS) IRINJALAKUDA
NATIONAL SERVICE SCHEME UNITS 20&49
ANTI-
DRUG CAMPAIGN
SAY NO TO DRUGS
18th January, 2018

3. On 26th January, Republic Day our NSS Volunteers participated in the ***Tableau competition*** organised by the Irinjalakuda municipality and we bagged ***3rd prize,*** in which many schools, colleges, NGO's and organisations participated.







## FEBRUARY


4. We had a one day work on 3rd February, 2018 in which we cleaned the Police station of Irinjalakudaand in the afternoon Shri.Viju ASI of Irinjalakuda delivered a lecture on Road Safety and Traffic rules.










5. Our volunteers helped the Forest department by conducting a survey on the saplings given bythe forest department on the World Environment Day, June 5th, 2017. The survey was done inChalakudy, Mala, Kodakara and Kodungallur block.






6. We had a One day work on 24.2.2018, in the morning session we had some Theatre Games in theseminar hall and made them more activated. In the afternoon session we telecasted a Film on **"AKASHAMITTAI"** in the afternoon. The film was on Children's development in School. And followed by the film we had group discussion on the theme of the film.





7. The NSS Units of Christ College commemorated the International Women's Day on 8th March, 2018. In collaboration with the Cooperative Hospital we conducted a lecture on Gynecology and Skin care for the Post Graduate Girls of the college.









8. The college honoured the retiring staff by giving a massive send off in the college auditorium inwhich the Vice Chancellor of Kerala Kalamandalam University was the chief guest.
9. In collaboration with the **ESAF**, our NSS volunteers performed a flashmob and staged a StreetPlay in connection with energy conservation on 8th March, 2018 at Amballur, Kadakara and Chalakudy main junctions.








10. We had one day work on 10.3.2018 in our college in the morning session the students were assigned practice for POORAM 2K18 at various venues and in the afternoon we had a talk on Philanthropy by Rev.Sr.Rose Anto CHF, best NSS Officer Awardee and a very active green social activist.




11. On 17th March, 2018 we had POORAM 2K18, District level Arts festival – for NSS Volunteers of Thrissur dist. At St.Thomas and St.Mary's college. The event was conducted on 11 items and ChristCollege Bagged the overall championship with 50 points and St.Josephs and Mets colleges with 18 and 17 points respectively. Hiranmaiye was awarded Sarga Prathibaat Pooram 2k18.




- Hiranmaiye – 1st in Monoact
- Fidel – 3rd in Monoact
- Sreeshma – 2nd in Essay writing
- Nandamol – 3rd in Folk dance
- Shilpamol – 1st in Speech
- NSS Anthem – 1st

- Skit – 1st
- Mime – 1st
- Nadanpattu – 2nd



12. On 24$^{th}$ March, 2018 the 1$^{st}$ year NSS volunteers gave a grand farewell to the 2$^{nd}$ years Volunteers. Rev.Fr.Joy P T CMI – Vice Principal & Prof. V.P.Anto – Vice Principal gave the farewell message andthe programme was taken care by the 1$^{st}$ years with some activities and games, lunch was servedand Prof. Arun Balarishnan, Prof. Lisha K K and Prof. Antony Thomas spoke to the outgoing volunteers. The programme concluded when Prof. Arun Balakrishnan selected the next years leaders.






## കായികദിനാഘോഷം

ഇരിങ്ങാലക്കുട: ദേശീയ കായികദിനാഘോഷത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ കൂട്ടയോട്ടം നടത്തി. കൊടുങ്ങല്ലൂർ സി.ഐ. ബിജോയ് ഫ്ലാഗ് ഓഫ് ചെയ്തു. കോളേജിലെ എൻ.എസ്.എസ്., ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവരുടെ നേതൃത്വത്തിലാണ് കൂട്ടയോട്ടം നടത്തിയത്.

1250 പേർ പങ്കെടുത്ത കൂട്ടയോട്ടത്തിൽ വിവിധ വിഭാഗങ്ങളിലായി വിജയികളായവർക്ക് സമ്മാനങ്ങളും നൽകി.




ദേശീയ കായികദിനാചരണത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നടത്തിയ കൂട്ടയോട്ടം കൊടുങ്ങല്ലൂർ സി.ഐ. ബിജോയ് ഫ്ലാഗ് ഓഫ് ചെയ്യുന്നു



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ എൻ.എസ്.എസ്. വിഭാഗം വിദ്യാർത്ഥികൾ ഫ്ലക്സ് മാലിന്യങ്ങളുപയോഗിച്ച് ഗ്രോ ബാഗുകളുടെ നിർമാണ പരിശീലനത്തിൽ

## ഫ്ലക്സ് മാലിന്യത്തിൽനിന്ന് ഉത്പന്നങ്ങളുമായി ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. ടീം

ഇരിങ്ങാലക്കുട: ഫ്ലക്സ് മാലിന്യത്തിന് പുനരുപയോഗം സാധ്യമാക്കുന്ന പ്രവർത്തനവുമായി എൻ.എസ്.എസ്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ എൻ.എസ്.എസ്. വിഭാഗമാണ് സമൂഹത്തിന് നല്ലൊരു മാതൃകയെന്ന നിലയിൽ ഈ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്.

ഉപയോഗശൂന്യമായ ഫ്ലക്സുകളുപയോഗിച്ച് കാർഷികമേഖലയ്ക്ക് ഉതകുന്ന രീതിയിൽ ഗ്രോബാഗുകൾ, വേസ്റ്റ് ബിന്നുകൾ, ക്യാരി ബാഗുകൾ തുടങ്ങി ഒട്ടനവധി ഉപയോഗപ്രദമായ വസ്തുക്കളാണ് വിദ്യാർഥികൾ നിർമിക്കുന്നത്.

പരിസ്ഥിതിപ്രവർത്തകരായ ടി.യു. നന്ദനനാണ് വിദ്യാർഥികൾക്ക് ഫ്ലക്സ് പുനരുപയോഗത്തിന് പരിശീലനം നൽകുന്നത്. ഉപയോഗശൂന്യമായ ഫ്ലക്സുകൾ ശേഖരിച്ച് പുനർനിർമാണം നടത്തി തിരിച്ചുനൽകാനും മറ്റു വിദ്യാലയങ്ങളിലെ വിദ്യാർഥികളെ ഇത് പരിശീലിപ്പിക്കുവാനും എൻ.എസ്.എസ്. ലക്ഷ്യമിടുന്നുണ്ട്. കോ-ഓർഡിനേറ്റർ അരുൺ ബാലകൃഷ്ണൻ, ഫാ. ജോയി പീണിക്കപ്പറമ്പിൽ, കിരൺ, ജോബിൻ റോയ്, എൽവിൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് എൻഎസ്എസ് വോളന്റിയേഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ ചീരകൃഷിയുടെ വിളവെടുപ്പ് ഡോ. മാത്യു പോൾ ഊക്കൻ, ഫാ. ജോയ് പീണിക്കപറമ്പിൽ, പ്രഫ. അരുൺ ബാലകൃഷ്ണൻ, ഡോ. പി.പി. റോബിൻസൺ എന്നിവർ ചേർന്നു നിർവഹിക്കുന്നു.

## ക്രൈസ്റ്റിൽ ചീരകൃഷി വിളവെടുത്തു

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് വോളന്റിയേഴ്സിന്റെ നേതൃത്വത്തിൽ പോളിഹൗസിൽ നടത്തിയ ചീരകൃഷിയുടെ വിളവെടുപ്പ് നടത്തി. ക്രൈസ്റ്റ് കോളജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. മാത്യു പോൾ ഊക്കൻ, ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ലക്ചറർ ഫാ. ജോയ് പീണിക്കപ്പറമ്പിൽ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ പ്രഫ. അരുൺ ബാലകൃഷ്ണൻ, ഡോ. പി.പി. റോബിൻസൺ, എൻഎസ്എസ് വോളന്റിയേഴ്സ് എന്നിവർ വിളവെടുപ്പിൽ പങ്കെടുത്തു. പോളിഹൗസിൽനിന്നും വിളവെടുത്ത അൻപത് കിലോയോളം ചീര കോളജ് അങ്കണത്തിൽവെച്ച് വിപണനം ചെയ്തു.




ഗാന്ധിജയന്തിയുടെ ഭാഗമായി ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ നടത്തിയ ശ്രമദാനം

ഗാന്ധിജയന്തിയുടെ ഭാഗമായി ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ ശ്രമദാനം നടത്തി. ആശുപത്രിയിലെ കേടുവന്നതും പഴയതുമായ കട്ടിലുകൾ, ഓക്സിജൻ സ്റ്റാൻഡ്, ഐ.വി. സ്റ്റാൻഡ് എന്നിവ റിപ്പയർ ചെയ്യുകയും കാഷ്വാലിറ്റി, ഓപ്പറേഷൻ തിയേറ്റർ, സ്ത്രീകളുടെ വാർഡ് തുടങ്ങിയവ പെയിന്റു ചെയ്ത് നവീകരിക്കുകയും ചെയ്തു.

ജനറൽ ആസ്പത്രി സൂപ്രണ്ട് ഡോ. മിനിമോൾ എ.എ. ശുചിത്വദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എൻ.എസ്.എസ്. യൂണിറ്റ് പ്രോഗ്രാം ഓഫീസർ അരുൺ ബാലകൃഷ്ണൻ, സീനിയർ വൊളന്റിയർമാരായ എൽവിൻ ഫ്രാൻസിസ്, ആൻസൺ വിൻസെന്റ്, നിധിൻ ജോഷി, ശ്രീതു വി.ആർ., അഭിരാജ് ടി.എസ്. എന്നിവർ നേതൃത്വം നൽകി. മുപ്പതഞ്ചോളം വൊളന്റിയേഴ്സ് ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## ഫ്ലക്സിനെ പ്രകൃതിസൗഹൃദ ഉല്പന്നമാക്കി ക്രൈസ്റ്റിലെ എൻഎസ്എസ് വിദ്യാർഥികൾ

ഇരിങ്ങാലക്കുട: പരിസരമലിനീകരണം ഉണ്ടാക്കുന്ന ഫ്ലക്സ് മാലിന്യത്തിന് പുനരുപയോഗം സാധ്യമാക്കുന്ന പ്രവർത്തനവുമായി ക്രൈസ്റ്റ് കോളജ് എൻഎസ്എസ് വിഭാഗം വിദ്യാർഥികൾ.

ഉപയോഗശൂന്യമായ ഫ്ലക്സുകൾകൊണ്ട് ഗ്രോബാഗുകൾ, വേസ്റ്റ് ബിന്നുകൾ, ക്യാരിബാഗുകൾ തുടങ്ങി ഒട്ടനവധി ഉപയോഗപ്രദമായ വസ്തുക്കളാണ് വിദ്യാർഥികൾ നിർമിക്കുന്നത്. പരിസ്ഥിതി പ്രവർത്തകരായ ടി.യു. നന്ദനൻ, സി.വി. ജോസ് എന്നിവരാണ് വിദ്യാർഥികൾക്ക് ഫ്ലക്സ് പുനരുപയോഗത്തിന് പരിശീലനം നൽകുന്നത്.




ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് എൻഎസ്എസ് വിഭാഗം ഉപയോഗശൂന്യമായ ഫ്ലക്സുകൾ ഉപയോഗിച്ച് നിർമിച്ച വസ്തുക്കളുമായി.

പൊതുജനങ്ങളിൽ നിന്നും ഉപയോഗശൂന്യമായ ഫ്ലക്സുകൾ ശേഖരിച്ച് പുനർനിർമാണം നടത്തി തിരിച്ച് നൽകുവാനും മറ്റ് വിദ്യാലയങ്ങളിൽ വിദ്യാർഥികൾക്ക് ഫ്ലക്സ് മാലിന്യം പുനരുപയോഗം ചെയ്യുന്നത് പരിശീലിപ്പിക്കുവാനും ക്രൈസ്റ്റ് കോളജ് എൻഎസ്എസ് ലക്ഷ്യമിടുന്നുണ്ട്. എൻഎസ്എസ് കോർഡിനേറ്റർ അരുൺ ബാലകൃഷ്ണൻ, ഫാ. ജോയ് പീണിക്കപറമ്പിൽ, കിരൺ, ജോബിൻ റോയ്, എൽവിൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

## ക്രൈസ്റ്റിൽ 'പ്രതിഭ' മൽസരങ്ങൾ നടന്നു

ഇരിങ്ങാലക്കുട ● ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ 'പ്രതിഭ' മൽസരങ്ങൾ നടത്തി. ലളിതഗാനം, പ്രസംഗം, ഹാൻഡ് റൈറ്റിങ്, കവിതാരചന, പെൻസിൽ ഡ്രോയിങ് മൽസരങ്ങളിൽ 15 കോളജുകളിൽ നിന്നായി നൂറ്റൻപതോളം വൊളന്റിയേഴ്സ് മൽസരങ്ങളിൽ പങ്കെടുത്തു. ഡിവൈഎസ്പി ഫേമസ് വർഗീസ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഇൻചാർജ് ഡോ. മാത്യു പോൾ ഊക്കൻ സമ്മാന സമർപ്പണം നടത്തി. വൈസ് പ്രിൻസിപ്പൽ ഫാ. ജോയ് പീണിക്കപറമ്പിൽ അധ്യക്ഷത വഹിച്ചു. എൻഎസ്എസ് ജില്ലാ കോ-ഓർഡിനേറ്റർ രമേഷ്, പ്രഫ. കെ.ജെ. ജോസഫ്, പ്രോഗ്രാം ഓഫിസർ പ്രഫ. അരുൺ ബാലകൃഷ്ണൻ, പ്രഫ. കെ.കെ.ലിഷ എന്നിവർ പ്രസംഗിച്ചു.




ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് എൻഎസ്എസ് യൂണിറ്റും കേരള സ്റ്റേറ്റ് ലീഗൽ അതോറിറ്റിയും സംയുക്തമായി സംഘടിപ്പിച്ച നിയമ ബോധവത്കരണ സെമിനാർ അഡീഷണൽ ജില്ലാ ജഡ്ജ് ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## നിയമ ബോധവത്കരണ സെമിനാർ

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളജ് എൻഎസ്എസ് യൂണിറ്റും കേരള സ്റ്റേറ്റ് ലീഗൽ അതോറിറ്റിയും സംയുക്തമായി നിയമ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. അഡീഷണൽ ജില്ലാ ജഡ്ജ് ജി. ഗോപകുമാർ സെമിനാർ ഉദ്ഘാടനം ചെയ്തു. ക്രൈസ്റ്റ് കോളജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. മാത്യു പോൾ ഊക്കൻ അധ്യക്ഷത വഹിച്ചു. ബിനിഷ നിയമ ബോധവത്കരണ ക്ലാസിനു നേതൃത്വം നൽകി.

## മഴക്കാല രോഗനിവാരണ സർവേ

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട പരിസരങ്ങളിൽ മഴക്കാല രോഗനിവാരണ സർവേയും ബോധവത്കരണവും നടത്തി. പനി ബാധിച്ച് കാറളത്ത് ഒരു യുവതി മരിച്ച സാഹചര്യത്തിലാണ് എൻ.എസ്.എസ്. വിദ്യാർഥികൾ രംഗത്തിറങ്ങിയത്.

വീടുകൾ സന്ദർശിച്ച വിദ്യാർഥികൾ പനി പ്രതിരോധ ബോധവത്കരണം നടത്തി. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ അരുൺ ബാലകൃഷ്ണന്റെ നേതൃത്വത്തിലായിരുന്നു പ്രവർത്തനങ്ങൾ. ഇരിങ്ങാലക്കുട ജനറൽ ആസ്പത്രിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മനോജ്, ക്രൈസ്റ്റ് കോളേജ് വൈസ് പ്രിൻസിപ്പൽ മാത്യു പോൾ ഊക്കൻ, ഫാ. ജോയ് പീണിക്കപറമ്പിൽ എന്നിവർ സംസാരിച്ചു.



ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് വിദ്യാർഥികൾ പരിശീലനത്തിൽ.

## പഴമയെ തൊട്ടറിഞ്ഞ് ക്രൈസ്റ്റ് എൻഎസ്എസ് വിദ്യാർഥികൾ

★ ഇരിങ്ങാലക്കുട: സോഷ്യൽ മീഡിയയിൽ ജീവിതത്തിന്റെ പാതിയും ചെലവഴിക്കുന്ന പുതുതലമുറയ്ക്ക് അപവാദമാവുകയാണ് ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് വിദ്യാർഥികൾ. പഴയകാല ഓലപ്പന്ത്, ഓലപീപ്പി, ഓല വാച്ച് തുടങ്ങി ഓലയിൽ നിർമിക്കുന്ന കളിപ്പാട്ട നിർമാണ പരിശീലനത്തിലാണവർ.

പുതുതലമുറയ്ക്ക് അന്യമായികൊണ്ടിരിക്കുന്ന ഓല ഉപയോഗിച്ചുള്ള കളിപ്പാട്ട നിർമാണ പരിശീലനം നടത്തുന്നത് കുരുത്തോലക്കൂട്ടം കളരിയിലെ പ്രസാദും സനലും ചേർന്നാണ്. വിദ്യാർഥികൾ ഏറെ ആവേശത്തോടെയാണു നിർമാണം പഠിച്ചത്. ബുദ്ധിമുട്ടുള്ള നിർമാണങ്ങൾ മൊബൈൽ ഫോണിൽ പകർത്തിയെടുക്കുകയും ചെയ്തു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ അരുൺ ബാലകൃഷ്ണന്റെ നേതൃത്വത്തിലാണു നിർമാണ പരിശീലനം നടന്നത്.

## ക്രൈസ്റ്റ് കോളജ് എൻഎസ്എസ് ജനറൽ ആശുപത്രി നവീകരിച്ചു

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളജ് എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ജനറൽ ആശുപത്രി നവീകരിച്ചു. ആശുപത്രിയിലെ കേടുവന്നതും പഴയതുമായ കട്ടിൽ, ഓക്സിജൻ സ്റ്റാൻഡ് തുടങ്ങിയവ അറ്റകുറ്റപണികൾ തീർക്കുകയും അത്യാഹിത വിഭാഗം, ഓപ്പറേഷൻ തീയറ്റർ, സ്ത്രീകളുടെ വാർഡ് തുടങ്ങിയവ പെയിന്റിംഗ് ചെയ്തു നവീകരിക്കുകയും ചെയ്തു.

ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. എ.എ. മിനിമോൾ, നഴ്സിംഗ് സൂപ്രണ്ട് കെ.എ. രമണി, പിആർഒ എസ്. സിജിമോൾ, എൻഎസ്എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ ഡോ. അരുൺ ബാലകൃഷ്ണൻ, സീനിയർ വോളന്റിയർമാരായ എൽവിൻ ഫ്രാൻസിസ്, ആൻസൺ വിൻസെന്റ്, നിധിൻ ജോഷി, വി.ആർ. ശ്രീതു, ടി.എസ്. അജിരാജ് എന്നിവർ നേതൃത്വം നൽകി.



ക്രൈസ്റ്റ് കോളജ് എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ കേടുവന്നതും പഴയതുമായ കട്ടിൽ, ഓക്സിജൻ സ്റ്റാൻഡ് തുടങ്ങിയവയുടെ അറ്റകുറ്റപണികൾ നടത്തുന്നു.

## ലോക ഹൃദയദിനം ആചരിച്ചു

ഇരിങ്ങാലക്കുട: സഹകരണ ആസ്പത്രിയും ക്രൈസ്റ്റ് കോളേജും സംയുക്തമായി ലോക ഹൃദയദിനാചരണം സംഘടിപ്പിച്ചു.

ബസ് സ്റ്റാൻഡ് പരിസരത്തുനിന്നാരംഭിച്ച പദയാത്ര ഇരിങ്ങാലക്കുട എസ്.ഐ. കെ.എസ്. സുശാന്തും ആസ്പത്രി വൈസ് പ്രസിഡന്റ് ബാലഗംഗാധരനും ചേർന്നു ഫ്ലാഗ് ഓഫ് ചെയ്തു.

ഡോ. മിനി, അജോ, അരുൺ ബാലകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. ഡോ. ത്രൂദീപ് സാഗർ, ഹൃദയാഘാതം സംഭവിച്ചവർക്ക് നൽകേണ്ട പ്രാഥമിക ചികിത്സ സംബന്ധിച്ച് ക്ലാസെടുത്തു.




ഇരിങ്ങാലക്കുട സഹകരണ ആസ്പത്രിയും ക്രൈസ്റ്റ് കോളേജും സംയുക്തമായി നടത്തിയ പദയാത്ര ഇരിങ്ങാലക്കുട എസ്.ഐ. കെ.എസ്. സുശാന്ത്, ആസ്പത്രി വൈസ് പ്രസിഡന്റ് ബാലഗംഗാധരൻ എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്യുന്നു

# ഓലക്കളിപ്പാട്ടവുമായി കോളജ് വിദ്യാർഥികൾ

ഇരിങ്ങാലക്കുട • പഴയ തലമുറകളുടെ കുട്ടിക്കാലത്തെ ആവേശമായിരുന്ന ഓലപ്പന്ത്, ഓലപ്പീപ്പി, ഓലവാച്ച് തുടങ്ങിയ കളിപ്പാട്ടങ്ങളുടെ നിർമാണം പുതുതലമുറയ്ക്കു പരിചയപ്പെടുത്തി ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് വൊളന്റിയർമാർ.

ഓല ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ നിർമിക്കാനുള്ള പരിശീലന പരിപാടി ഏറെ കൗതുകമായി. ഏറെ ആവേശത്തോടെയാണ് വിദ്യാർഥികൾ കളിപ്പാട്ടങ്ങളുടെ നിർമാണം പഠിച്ചത്. ബുദ്ധിമുട്ടുള്ളവയുടെ നിർമാണ രീതി മൊബൈൽ ക്യാമറയിൽ പകർത്താനും വിദ്യാർഥികൾ മറന്നില്ല. 'കുരുത്തോലക്കൂട്ടം' കളരിയിലെ പ്രസാദ്, സനൽ എന്നിവരാണു വിദ്യാർഥികൾക്കു പരിശീലനം നൽകിയത്. എൻഎസ്എസ് പ്രോഗ്രാം ഓഫിസർ അരുൺ ബാലകൃഷ്ണൻ നേതൃത്വം നൽകി.



ഓലകൊണ്ടുള്ള കളിപ്പാട്ടങ്ങളുടെ നിർമാണം പരിശീലിക്കുന്ന ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് വൊളന്റിയർമാർ.

# പരമ്പരാഗത ജലസ്രോതസുകളുടെ സംരക്ഷണം സുപ്രധാനം: ഡോ. എസ്. ദീപു

ഇരിങ്ങാലക്കുട • പരമ്പരാഗത ജലസ്രോതസുകളുടെ സംരക്ഷണം പരിസ്ഥിതി സംരക്ഷണത്തിൽ സുപ്രധാനമാണെന്നു പരിസ്ഥിതി ശാസ്ത്രജ്ഞനായ ഡോ. എസ്.ദീപു അഭിപ്രായപ്പെട്ടു.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ക്രൈസ്റ്റ് കോളജിലെ ജിയോളജി, പരിസ്ഥിതി, സസ്യശാസ്ത്രം വിഭാഗങ്ങളുടെയും എൻവിറോ ഭൂമിത്ര ക്ലബ്, ജൈവവൈവിധ്യ ക്ലബ്, എൻഎസ്എസ് എന്നിവയുടെയും നേതൃത്വത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതിയുടെ സഹകരണത്തോടെ 'പ്രകൃതിയെ അറിയുക' എന്ന പേരിൽ നടത്തിയ ദേശീയ സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തൃശൂർ ഡിഎഫ്ഒ ഡോ. പാട്ടീൽ സുയോഗ് സുഭാഷ് റാവു ഉദ്ഘാടനം ചെയ്തു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലെ ഡോ. വി.ദീപേഷ്, വൈസ് പ്രിൻസിപ്പൽ ഡോ. മാത്യു പോൾ ഊക്കൻ, ഡോ. ടെസി പോൾ, ഡോ. എൻ.ജെ.മഞ്ജു, ഡോ. വി.ബി.രേഖ, ഡോ. ലിന്റോ ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ നടന്ന ദേശീയ പരിസ്ഥിതി സെമിനാർ ഡിഎഫ്ഒ ഡോ. പാട്ടീൽ സുയോഗ് സുഭാഷ് റാവു ഉദ്ഘാടനം ചെയ്യുന്നു.




ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ എൻഎസ്എസ് യൂണിറ്റുകൾ സംഘടിപ്പിച്ച 'പ്രതിഭ' പരിപാടിയിൽ പങ്കെടുത്തവർ.

# എൻഎസ്എസ് യൂണിറ്റിന്റെ 'പ്രതിഭ'

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് യൂണിറ്റുകൾ സംഘടിപ്പിച്ച 'പ്രതിഭ' പരിപാടി ഇരിങ്ങാലക്കുട ഡിവൈഎസ്പി ഫെയ്മസ് വർഗീസ് ഉദ്ഘാടനം ചെയ്തു. ക്രൈസ്റ്റ് കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. ജോയ് പീണിക്കപ്പറമ്പിൽ അധ്യക്ഷത വഹിച്ചു.

ലളിതഗാനം, പ്രസംഗം, ഹാൻഡ് റൈറ്റിംഗ്, കവിതാരചന, പെൻസിൽ ഡ്രോയിംഗ് എന്നീ ആറു ഇനങ്ങളാണ് സംഘടിപ്പിച്ചത്. എൻഎസ്എസ് ജില്ലാ കോ-ഓർഡിനേറ്റർ രമേഷ്, മുൻ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ പ്രഫ. കെ.ജെ. ജോസഫ്, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ പ്രഫ. അരുൺ ബാലകൃഷ്ണൻ, പ്രഫ. കെ.കെ. ലിഷ എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. മാത്യു പോൾ ഊക്കൻ സമ്മാനവിതരണം നിർവഹിച്ചു.

# കവുങ്ങുവീണ് വീടിന്റെ മേൽക്കൂര തകർന്നു

വെള്ളാങ്കല്ലൂർ: പഞ്ചായത്തിലെ മനയ്ക്കലപ്പടി മണമ്മൽ വേലായുധന്റെ വീടിന്റെ മേൽക്കൂര കവുങ്ങുവീണു തകർന്നു. കഴിഞ്ഞ ദിവസം രാവിലെയുണ്ടായ ശക്തമായ കാറ്റിലാണ് ഒടിഞ്ഞുവീണത്. ആ സമയം വേലായുധനും ഭാര്യ കാളിക്കുട്ടിയും മകളുടെ മകൻ പ്രഗേഷും വീട്ടിലുണ്ടായിരുന്നു.

പൊട്ടിയ ഓടുകൾ അകത്തേക്കു വീണെങ്കിലും അപകടമൊന്നും ഉണ്ടായില്ല. വാർഡ് മെമ്പർ മിനി രാജൻ, തെക്കുംകര വില്ലേജ് ഓഫീസർ പി.എം. ജമീല, സ്പെഷൽ വില്ലേജ് ഓഫീസർ സി. ആർ. ജോയ്സൺ എന്നിവർ സ്ഥലം സന്ദർശിച്ചു.




'എന്റെ മരം', 'എന്റെ മാവ് - എന്റെ സ്വന്തം നാട്ടുമാവ്' എന്നീ പദ്ധതികളുടെ ഭാഗമായി ആനന്ദപുരം മിറ്റൽ ഫ്ളവർ ഇടവകയിലെ വീടുകളിലും നാട്ടുമാവിന്റെ തൈകൾ നടുന്നതിന്റെ ഉദ്ഘാടനം ഫാ. ജോയ് പീണിക്കപറമ്പിൽ വികാരി ഫാ. ആൻഡ്രൂസ് ചെതലനു തൈ നൽകിക്കൊണ്ടു നിർവഹിക്കുന്നു. ക്രൈസ്റ്റ് കോളജും കോളജിലെ എൻഎസ്എസ് യൂണിറ്റുകളും ബയോഡൈവേഴ്സിറ്റി ക്ലബും സംയുക്തമായാണു പദ്ധതി നടപ്പിലാക്കുന്നത്.



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ക്യാമ്പിന്റെ സമാപന സമ്മേളനം ജില്ലാ കോ - ഓർഡിനേറ്റർ രമേശ് ഉദ്ഘാടനം ചെയ്യുന്നു.

## എൻഎസ്എസ് ദ്വിദിന ക്യാമ്പ്

ഇരിങ്ങാലക്കുട: ദേശീയ എൻഎസ്എസ് ദിനത്തോടനുബന്ധിച്ച് ക്രൈസ്റ്റ് കോളജ് എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ക്യാമ്പ് സമാപിച്ചു. ജില്ലാ കോ-ഓർഡിനേറ്റർ രമേശ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. മുൻ പ്രോഗ്രാം ഓഫീസർ ഡോ. റോബിൻസൺ, ഫാ. ജോയ് പീണിക്കപറമ്പിൽ, പ്രോഗ്രാം ഓഫീസർമാരായ ലിഷ, അരുൺ ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിന്റെ ആഭിമുഖ്യത്തിൽ നടന്ന മാവിൻതൈ വിതരണം. കാലിക്കറ്റ് സർവകലാശാലയുടെ ഗ്രീൻ കാമ്പസ് കാമ്പയിന്റെ ഭാഗമായി എൻ.എസ്.എസ്. വൊളന്റിയർമാരുടെ വീടുകളിൽ നടുന്നതിന് 40 തൈകളാണ് നൽകിയത്. ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകൾ, ബയോഡൈവേഴ്സിറ്റി ക്ലബ്ബ്, മാതൃഭൂമി സീഡ് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്

## എൻ.എസ്.എസ്. ദിനാചരണം

ക്രൈസ്റ്റ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. സമാപന സമ്മേളനം ജില്ലാ കോ-ഓർഡിനേറ്റർ രമേശ് ഉദ്ഘാടനം ചെയ്തു. മുൻ പ്രോഗ്രാം ഓഫീസർ റോബിൻസൺ പി.പി., ഫാ. ജോയ് പീണിക്കപ്പറമ്പിൽ, പ്രോഗ്രാം ഓഫീസർമാരായ ലിഷ, അരുൺ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

# ജൈവകൃഷി പ്രാകൃതമാണെന്ന് ശാസ്ത്രരംഗത്തുള്ളവർ തന്നെ പ്രചരിപ്പിക്കുന്നു: മന്ത്രി സുനിൽകുമാർ

ഇരിങ്ങാലക്കുട • ജൈവകൃഷി പ്രാകൃതമായ കൃഷിരീതിയാണെന്നു പ്രചരിപ്പിക്കുന്നതു രാജ്യത്തെ ശാസ്ത്രരംഗത്തുള്ള പ്രഗത്ഭർ തന്നെയാണെന്നു മന്ത്രി വി.എസ്.സുനിൽകുമാർ കുറ്റപ്പെടുത്തി. ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് യൂണിറ്റും കർഷക സമിതിയും ചേർന്നു ടൗൺഹാളിൽ നടത്തിയ ജൈവ കർഷക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ ആവാസ വ്യവസ്ഥയ്ക്കനുസരിച്ചുള്ള ഭക്ഷ്യവസ്തുക്കളും ഭക്ഷണശീലങ്ങളും മലയാളി ഉപേക്ഷിച്ചതാണു ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കേരളത്തിനു കഴിയാതെ പോയതിനു കാരണം. കൃഷിവകുപ്പും ആരോഗ്യ വിഭാഗവും കൈകോർത്തു ജൈവകൃഷിയെ ശാസ്ത്രീയ രീതിയിൽ മുന്നോട്ടു നയിച്ചു കാർഷിക മേഖലയെ ഫലപുഷ്ടമാക്കിയാൽ മാത്രമേ ആരോഗ്യമേഖലയും തകർച്ചയിൽനിന്നു കരയകയറുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് യൂണിറ്റും കർഷക സമിതിയും ചേർന്ന് ടൗൺഹാളിൽ നടത്തിയ ജൈവകർഷക സംഗമം മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

എൻഎസ്എസ് യൂണിറ്റിന്റെ കീഴിലുള്ള ജൈവ പച്ചക്കറി വിത്ത് സംരക്ഷണ കേന്ദ്രമായ 'സഹജ്' മന്ത്രി ഉദ്ഘാടനം ചെയ്തു. ക്രൈസ്റ്റ് കോളജ് പ്രിൻസിപ്പൽ ഇൻ ചാർജ് പ്രഫ. മാത്യുപോൾ ഊക്കൻ അധ്യക്ഷത വഹിച്ചു. കെ.യു.അരുണൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. നഗരസഭ അധ്യക്ഷ നിമ്യ ഷിജു, പ്രഫ. അരുൺ ബാലകൃഷ്ണൻ, സലീം അലി ഫൗണ്ടേഷൻ ചെയർമാൻ ഡോ. വി.എസ്.വിജയൻ, എൻഎസ്എസ് ജില്ലാ കോ-ഓർഡിനേറ്റർ കെ.വി.രമേഷ്, കെ.വി. ബാബു, ഇല്യാസ്, ജോൺസൺ മാമ്പിള്ളി എന്നിവർ പ്രസംഗിച്ചു.



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ക്യാമ്പിന്റെ സമാപന സമ്മേളനം ജില്ലാ കോ - ഓർഡിനേറ്റർ രമേശ് ഉദ്ഘാടനം ചെയ്യുന്നു.

## എൻഎസ്എസ് ദ്വിദിന ക്യാമ്പ്

ഇരിങ്ങാലക്കുട: ദേശീയ എൻഎസ്എസ് ദിനത്തോടനുബന്ധിച്ച് ക്രൈസ്റ്റ് കോളജ് എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ക്യാമ്പ് സമാപിച്ചു. ജില്ലാ കോ-ഓർഡിനേറ്റർ രമേശ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. മുൻ പ്രോഗ്രാം ഓഫീസർ ഡോ. റോബിൻസൺ, ഫാ. ജോയ് പീണിക്കപറമ്പിൽ, പ്രോഗ്രാം ഓഫീസർമാരായ ലിഷ, അരുൺ ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## ഹൃദയ ദിനാചരണം

ഇരിങ്ങാലക്കുട • സഹകരണ ആശുപത്രിയുടെയും ക്രൈസ്റ്റ് കോളജിന്റെയും ആഭിമുഖ്യത്തിൽ ലോക ഹൃദയ വാരാചരണം നടത്തി. ബസ് സ്റ്റാൻഡ് പരിസരത്തു ക്രൈസ്റ്റ് കോളജിലെ എൻഎസ്എസ് വിദ്യാർഥികളുടെ ഫ്ലാഷ് മോബോടെ പരിപാടികൾ ആരംഭിച്ചു. സഹകരണ ആശുപത്രിയിലെ കാർഡിയോളജിസ്റ്റ് ഡോ. ത്രിദീപ് സാഗർ ഹൃദയാഘാതം സംഭവിച്ചവർക്കു നൽകുന്ന പ്രഥമശുശ്രൂഷ പരിചയപ്പെടുത്തി. എസ്ഐ കെ.എസ്. സുശാന്ത്, വൈസ് പ്രസിഡന്റ് ബാലഗംഗാധരൻ എന്നിവർ പദയാത്ര ഫ്ലാഗ് ഓഫ് ചെയ്തു. സൂപ്രണ്ട് ഡോ. മിനി, മാർക്കറ്റിങ് മാനേജർ അജോ, ക്രൈസ്റ്റ് കോളജ് എൻഎസ്എസ് കോ-ഓർഡിനേറ്റർ അരുൺ ബാലകൃഷ്ണൻ നേതൃത്വം നൽകി.



ഇരിങ്ങാലക്കുട സഹകരണ ആശുപത്രിയുടെയും ക്രൈസ്റ്റ് കോളജിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ലോകഹൃദയ ദിനാചരണത്തിന്റെ ഭാഗമായി പ്രഥമശുശ്രൂഷ പരിശീലനം നൽകുന്നു.

മാതൃഭൂമി നഗരം
2017 • സെപ്റ്റംബർ 8 • വെള്ളിയാഴ്ച

ക്യാമ്പസ് ബീറ്റ്സ്

# പ്രവർത്തിക്കാം, മുന്നേറാം

പഠനത്തിൽ നിന്നുള്ള ഇടവേള മാത്രമായിരുന്നില്ല ഓണാവധിക്കാലം കാമ്പസുകൾക്ക്. പതിവു ചര്യകൾ വിട്ട് മറ്റുള്ളവർക്കു വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കുറച്ചു ദിവസങ്ങൾ, അതായിരുന്നു പലർക്കും ഇക്കാലം. എൻ.എസ്.എസ്. ക്യാമ്പുകളുടെയും ദിനങ്ങളായിരുന്നു കഴിഞ്ഞു പോയത്. ഒത്തുചേർന്നും പ്രവർത്തിച്ചും സഹായിച്ചും ചെറുപ്പത്തിന്റെ ഊർജം വിദ്യാർഥികൾ നാടിനു പകർന്നു നൽകി. അത്തരത്തിലുള്ള ചില എൻ.എസ്.എസ്. ക്യാമ്പ് വിശേഷങ്ങൾ ഇതാ...



പ്രജ്യോതി വിദ്യാർഥികളുടെ എൻഎസ്എസ് ക്യാമ്പിൽനിന്ന്

# സേവനത്തിന്റെ നന്മപ്പൂക്കൾ

ഞങ്ങളും, പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിലെ എൻ.എസ്.എസ്. വൊളന്റിയർമാരുടെ ഓണം അളഗപ്പനഗർ എ.പി.എച്ച്.എസ്.എസിലായിരുന്നു. ഏഴു ദിവസത്തെ എൻ.എസ്.എസ്. ക്യാമ്പായിരുന്നു അവിടെ. പ്രോഗ്രാം ഓഫീസർമാരായ ജയ മിസ്സും ജോസഫ് സാറും സെക്രട്ടറിമാരായ കെവിനും അഖിലയുമാണ് ചുമതല വഹിച്ചത്. സെപ്റ്റംബർ രണ്ടിന് രാവിലെ ഒമ്പതു മണിക്ക് ബാഗുകളുമായി ഞങ്ങൾ വന്നു. ആകെ 71 വിദ്യാർഥികൾ. പത്തു മണിക്ക് ജില്ല പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ പതാകയുയർത്തി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ക്ലാസ് മുറികൾ ഡോർമെട്രികളായപ്പോൾ ഗ്രൗണ്ടിന്റെ ഒരു ഭാഗം അടുക്കളയായി. ഭക്ഷണം തയാറാക്കാൻ ഒരു കൂട്ടം വൊളന്റിയർമാർ ഒന്നിച്ചു. അടുപ്പ് കൂട്ടിയതും വിറകു വെട്ടിയതും അരിയിട്ടതും ഞങ്ങൾ തന്നെ.

വൈകീട്ട് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അരുൺ സാറെത്തി അടിപൊളി കൂളിങ് ഐസ് ബ്രേക്കിങ് ക്ലാസെടുത്തു. പിറ്റേന്ന് ഖരമാലിന്യ സംസ്കരണത്തെക്കുറിച്ച് കാർഷിക സർവകലാശാലയിലെ മുൻ ഡയറക്ടർ ജഗദീഷ് സാർ ക്ലാസെടുത്തു.

ശരിയായ രീതിയിൽ സംസ്കരിച്ചില്ലെങ്കിൽ ഒരു തലമുറയെ തന്നെ നശിപ്പിക്കാൻ ഖരമാലിന്യത്തിനാവുമെന്ന് ഞങ്ങൾ ചിന്തിച്ചു. വൈകീട്ടായപ്പോൾ അഞ്ചാം തീയതി നടക്കുന്ന നേത്ര പരിശോധന ക്യാമ്പിന്റെ നോട്ടീസ് വിതരണത്തിനായി ചുറ്റുമുള്ള വീടുകളിലേക്കിറങ്ങി.

തിരുവോണദിവസം രാവിലെ മുതൽ ക്യാമ്പിൽ ഓണത്തിരക്കായിരുന്നു. വീട്ടിൽ നിന്നു മാറിയുള്ള ഓണം. കൂട്ടുകാരുടെ കുസൃതിയും കളിയും ചിരിയും നിറച്ച തിരുവോണം.

കുറച്ചു പേർ പൂക്കളമിട്ടപ്പോൾ ചിലർ കറിക്കഷണങ്ങൾ അരിഞ്ഞു, ചിലർ വൃത്തിയാക്കുന്നതിന്റെ തിരക്കിൽ.

ആകെ ജഗപൊക ബഹളം. പൂക്കളത്തിനു നടുക്ക് വെക്കാൻ തുമ്പപ്പൂ തിരഞ്ഞുള്ള നടത്തം, അവസാനം അത് കിട്ടിയപ്പോഴുള്ള സന്തോഷം - ഒക്കെ രസമായിരുന്നു. എ.പി.എച്ച്.എസ്.എസിലെ കുട്ടികൾക്കായി ഒരു പൂന്തോട്ടം ഒരുക്കാനും ഞങ്ങൾ മറന്നില്ല.

അവിട്ട ദിനത്തിലെ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് കോളേജ് സ്ഥാപക മാനേജർ റവ. ഫാ. ഹർഷജൻ പഴയാറ്റിൽ ഉദ്ഘാടനം ചെയ്തു. അങ്കമാലി ലിറ്റിൽ ഫ്ലവർ ആസ്പത്രിയിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ നൂറിലധികം ആളുകൾ പങ്കെടുത്തു. സൗജന്യ മരുന്നു വിതരണത്തോടൊപ്പം 12നു നടക്കുന്ന സൗജന്യ തിമിരശസ്ത്രക്രിയയ്ക്ക് 12 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു.

അന്ന് ഉച്ചയ്ക്ക് ശേഷം ഞങ്ങൾ പേപ്പർ പേനയും ഫ്ലക്സ് കൊണ്ട് ഗ്രോബാഗും നിർമിക്കാൻ പഠിച്ചു. പ്രകൃതിയിലേക്ക് ഒരു തിരിഞ്ഞ് നടത്തം ആരാണ് ആഗ്രഹിക്കാത്തത് ? കോളേജിലെ ഇനിയുള്ള സെമിനാറുകൾക്ക് ഞങ്ങൾതന്നെ പേന ഉണ്ടാക്കും.



പ്രജ്യോതിയിലെ വിദ്യാർഥികൾ നിർമിച്ച പേപ്പർ പേന

എൻ.എസ്.എസിന്റെ പേനകൾ ഇനി കോളേജിൽ നിറയും. പാട്ടു പാടിയും സിനിമ കണ്ടും കാരംസ് കളിച്ചുമൊക്കെയാണ് രാത്രികൾ നീങ്ങിയത്. ഓരോ നിമിഷങ്ങൾക്കും വലിയ വിലയായിരുന്നു.

ക്യാമ്പ് അവസാനിക്കുമ്പോൾ ഞങ്ങൾക്കിത് ഓർമകളുടെ തിരാ വസന്തമായിരിക്കും. ഒരിക്കലും തിരിച്ചു വരാൻ ഇടയില്ലാത്ത ഭൂതകാലത്തേക്ക് മറ്റൊരോണവും മായുമ്പോൾ സേവനത്തിന്റെ നന്മപ്പൂക്കളാണ് ഞങ്ങൾ ബാക്കി വെക്കുന്നത്.

(എൻ.എസ്.എസ്. സെക്രട്ടറി അഖില ആർ. കൃഷ്ണ എഴുതിയ കുറിപ്പ്)

## 'പൂരം 2018' ക്രൈസ്റ്റിനു കിരീടം

ഇരിങ്ങാലക്കുട: ജില്ലയിലെ കോളജുകളിലെ എൻഎസ്എസ് വൊളന്റിയർമാർക്കായി സംഘടിപ്പിച്ച 'പൂരം 2018' ആർട്സ് ഫെസ്റ്റിവലിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിനു കിരീടം.

തൃശൂർ സെന്റ് തോമസ്, സെന്റ് മേരീസ് കോളജുകളിലായി വിവിധ വേദികളിൽ 12 മത്സരയിനങ്ങളാണ് ഉണ്ടായിരുന്നത്. നാനൂറോളം വിദ്യാർഥികൾ മാറ്റുരച്ച ഫെസ്റ്റിവലിൽ 50 പോയിന്റുകൾ കരസ്ഥമാക്കിയാണു ക്രൈസ്റ്റ് വിജയിച്ചത്.

മത്സരത്തിന്റെ സമ്മാനവിതരണം കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം ഡോ. സി.എൽ. ജോഷി നിർവഹിച്ചു. എൻഎസ്എസ് ജില്ലാ കോ- ഓർഡിനേറ്റർ കെ.എൻ. രമേഷ് സമാപന പരിപാടികളിൽ സന്നിഹിതനായിരുന്നു.



'പൂരം 2018' ആർട്സ് ഫെസ്റ്റിവലിൽ കിരീടം കരസ്ഥമാക്കിയ ക്രൈസ്റ്റ് കോളജ് ടീം.

## എൻ.എസ്.എസ്. കലോത്സവം: ക്രൈസ്റ്റ് കോളേജിന് കിരീടം

**തൃശ്ശൂർ ▸** ജില്ലാതല നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്.) കലോത്സവത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ഒന്നാംസ്ഥാനവും സെൻറ് ജോസഫ് കോളേജ് രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

മാള മെറ്റ്സ് കോളേജിനാണ് മൂന്നാംസ്ഥാനം.

26 കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകളാണ് കലോത്സവത്തിൽ പങ്കെടുത്തത്.

കൂടുതൽ വ്യക്തിഗത പോയിൻറ് നേടിയ പി.എം. ഹിരൺമയ് (ക്രൈസ്റ്റ് കോളേജ്) സർഗപ്രതിഭയായി.

കലോത്സവം കാലിക്കറ്റ് സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. സി.എൽ. ജോഷി ഉദ്ഘാടനം ചെയ്തു.

സെൻറ് തോമസ് കോളേജ് പ്രിൻസിപ്പൽ പി.ഒ. ജെൻസൺ അധ്യക്ഷനായി. ജില്ലാ കോ-ഓർഡിനേറ്റർ കെ.എൻ. രമേഷ്, അഞ്ജു ആൻറണി തുടങ്ങിയവർ പ്രസംഗിച്ചു.